# കേരളസർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ജൂലൈ 31<br>July 31 | 2020 |
|---|---|

**1195 കർക്കടകം 16 വെള്ളി**

# പത്രക്കുറിപ്പ്-1



www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657


---

**തദ്ദേശ സ്ഥാപനങ്ങളിലെ ജൈവ മാലിന്യ സംസ്കരണ വിജയ മാതൃകകൾ; വെബിനാർ നാളെ (ആഗസ്റ്റ് 1)**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനുവർത്തിച്ച് വിജയം ക ജൈവ മാലിന്യ സംസ്കരണ മാർഗങ്ങളെ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്ന വെബിനാർ നാളെ (ആഗസ്റ്റ് 1 ശനി) ഉച്ചയ്ക്ക് 2.30 മുതൽ 4.30 വരെ നടക്കും. സുസ്ഥിര വികസന മാതൃകകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എന്ന വിഷയത്തെ ആസ്പദമാക്കി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും(കില), ഹരിതകേരളം മിഷനും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്നേഷനും (ഗിഫ്റ്റ്) സംയുക്തമായി സംഘടിപ്പിച്ചുവരുന്ന വെബിനാർ പരമ്പരയിലെ അഞ്ചാം പതിപ്പാണ് നാളെ നടക്കുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശാരദാ മുരളീധരൻ വെബിനാറിന് ആമുഖ പ്രഭാഷണം നടത്തും. ശുചിത്വ മിഷൻ മുൻ എക്സിക്യൂട്ടീവ് ഡയറക്ടറും പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞനുമായ ഡോ. അജയകുമാർ വർമ്മ പാനൽ മോഡറേറ്ററാകും. നാസിക്കിലെ നിർമ്മൽഗ്രാം നിർമ്മാൺ കേന്ദ്ര എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീകണ്ഠ എം. നവരേക്കർ, കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടർ ഡോ. കെ. വാസുകി, ജലശക്തി മന്ത്രാലയത്തിലെ സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) കൺസൾട്ടന്റ് ഡോ.ഡി.എസ് ഷൈനി എന്നിവരാണ് പാനലിലെ അംഗങ്ങൾ. ഹരിതകേരളം മിഷൻ എക് സിക്യുട്ടീവ് വൈസ് ചെയർപേർസൺ ഡോ.ടി.എൻ സീമ, കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ, ഗിഫ്റ്റ് ഡയറക്ടർ പ്രൊഫ.കെ.ജെ ജോസഫ് എന്നിവരും പങ്കെടുക്കും.

സംസ്ഥാനത്ത് വിവിധ മാർഗങ്ങൾ അവലംബിച്ച് ജൈവമാലിന്യ സംസ്കരണം നടത്തുകയും മറ്റു സ്ഥാപനങ്ങൾക്ക് അനുകരിക്കാനാകുംവിധം വിജയമാതൃക കളാകുകയും ചെയ്ത തദ്ദേശ സ്ഥാപനങ്ങളുടെ അവതരണമാണ് വെബിനാറിലെ പ്രധാന ഉള്ളടക്കം.

തൃശൂർ ജില്ലയിലെ കുന്നംകുളം മുനിസിപ്പാലിറ്റി, കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റി, കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ മുനിസിപ്പാലിറ്റി, കൊല്ലം ജില്ലയിലെ പുനലൂർ മുനിസിപ്പാലിറ്റി, തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളാണ് അതാത് സ്ഥാപന അധ്യക്ഷർ അവതരിപ്പിക്കുന്നത്.

ഹരിതകേരളം മിഷൻ ഫേസ്ബുക്ക് facebook.com/harithakeralammission, യൂട്യൂബ് ചാനൽ youtube.com/harithakeralammission, കിലയുടെ ഫേസ്ബുക്ക് facebook.com/kilatcr, യുട്യൂബ് ചാനൽ youtube.com/kilatcr, ഗിഫ്റ്റിന്റെ ഫേസ്ബുക്ക് facebook.com/Gulati gift, യുട്യൂബ് ചാനൽ youtube.com/GIFT kerala എന്നിവയിലൂടെ വെബിനാർ കാണാനാകും.

(പിഎൻപി 3196/20)

## പത്തനംതിട്ട മിലിറ്ററി കാന്റീൻ ആഗസ്റ്റ് മൂന്നുമുതൽ തുറക്കും

പത്തനംതിട്ട മിലിറ്ററി കാന്റീൻ ആഗസ്റ്റ് മൂന്നുമുതൽ പ്രവർത്തനം ആരംഭിക്കും. എസ്എംഎസ് ലഭിച്ച കാർഡ് ഉടമയ്ക്ക് മാത്രമേ പ്രവേശനം ഉള്ളുവെന്ന് കാന്റീൻ മാനേജർ അറിയിച്ചു.

(പിഎൻപി 3197/20)

## ലൈഫ് പദ്ധതി: നാളെ(ആഗസ്റ്റ് 1 ശനി) മുതൽ അപേക്ഷിക്കാം
## അപേക്ഷകർക്കായി തദ്ദേശസ്ഥാപനങ്ങളിൽ പ്രത്യേക ഹെൽപ്പ് ഡെസ്കുകൾ

അർഹരായ എല്ലാവർക്കും മാന്യവും സുരക്ഷിതവുമായ വീട് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ലൈഫ് പദ്ധതി പുതിയ ഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. 2017ൽ തയാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർക്ക് പുതിയതായി അപേക്ഷിക്കാമെന്ന് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സി.പി. സുനിൽ പറഞ്ഞു.

2021 ഓടെ ഭവന രഹിതരായ മുഴുവൻ പേർക്കും വീട് ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അർഹരായ ഭൂമിയുള്ളവരും ഇല്ലാത്തവരുമായ ഭവനരഹിതർക്ക് നാളെ(ആഗസ്റ്റ് 1 ശനി) മുതൽ 14 വരെ അപേക്ഷ നൽകാം. ഓൺലൈനായി മാത്രമാണ് അപേക്ഷകൾ സ്വീകരിക്കുക. www.life2020.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രവേശിച്ച് അപേക്ഷകൾ സമർപ്പിക്കാം. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കും. കൂടാതെ അക്ഷയകേന്ദ്രങ്ങൾ, ഇന്റർനെറ്റ് സേവന കേന്ദ്രങ്ങൾ എന്നിവ വഴിയും സ്വന്തമായും അപേക്ഷ നൽകാം.

അപേക്ഷയോടൊപ്പം റേഷൻ കാർഡ്, ആധാർ കാർഡ്, വില്ലേജ് ഓഫീസറിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് കൂടി അപ്‌ലോഡ് ചെയ്യണം. ഗ്രാമപ്രദേശങ്ങളിൽ 25 സെന്റിനു താഴെയും നഗര പ്രദേശങ്ങളിൽ അഞ്ചു സെന്റിനു

താഴെയും ഭൂമിയുള്ളവരെ മാത്രമേ പരിഗണിക്കൂ. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരിൽ ആരുടെയെങ്കിലും പേരിൽ വാസയോഗ്യമായ വീടു ങ്കിൽ അർഹതയില്ല. എന്നാൽ, ഈ ര ു കാര്യങ്ങളിലും പട്ടികജാതി/പട്ടിക വർഗ/ മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് ഇളവുലഭിക്കും. വാർഷിക വരുമാനം മൂന്നു ലക്ഷം രൂപയിൽ താഴെയായിരിക്കണം.

ഭൂരഹിതരായവർ തങ്ങളുടെ റേഷൻ കാർഡിൽ ഉൾപ്പെട്ട ആർക്കും ഭൂമിയില്ലെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രവും ഓൺലൈനായി സമർപ്പിക്കണം. 2020 ജൂൺ 30 വരെ ലഭിച്ച റേഷൻ കാർഡുള്ള കുടുംബങ്ങളെ പരിഗണിക്കും. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി കണക്കാക്കി വാസയോഗ്യമായ വീടില്ലാത്തവർക്ക് ആനുകൂല്യം അനുവദിക്കും. അപേക്ഷകന്റെ റേഷൻ കാർഡ് ഏത് തദ്ദേശസ്ഥാപന പ്രദേശത്താണോ അവിടെ അപേക്ഷിക്കണം.

ഉപജീവന തൊഴിലിനായല്ലാതെ സ്വന്തമായി നാലുചക്ര വാഹനമുള്ള കുടുംബങ്ങളെയും പരിഗണിക്കില്ല. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, അഗതി/ആശ്രയപദ്ധതിയിലെ ഗുണഭോക്താക്കൾ, ഭിന്ന ലിംഗക്കാർ, ഗുരുതരരോഗമുള്ളവർ, അവിവാഹിതയായ അമ്മ കുടുംബനാഥയായവർ, രോഗമോ അപകടമോ കാരണം തൊഴിലെടുത്ത് ജീവിക്കാനാവാത്ത കുടുംബനാഥ/നാഥൻ ഉള്ള കുടുംബം, വിധവയായ കുടുംബനാഥയും, സ്ഥിര വരുമാനമുള്ള അംഗങ്ങളില്ലാത്തതുമായ കുടുംബം, എച്ച്.ഐ.വി ബാധിതരായ അംഗങ്ങളുള്ള കുടുംബം എന്നിവർക്ക് രേഖകൾ ഹാജരാക്കിയാൽ മുൻഗണന ലഭിക്കും.

ഓഗസ്റ്റ് 17ന് അപേക്ഷകരുടെ പട്ടിക തദ്ദേശസ്ഥാപനത്തിൽ പ്രസിദ്ധീകരിക്കും. ഓഗസ്റ്റ് 21 വരെ ഫീൽഡ് തല പരിശോധന നടക്കും. കരട് ഗുണഭോക്തൃ പട്ടിക ഓഗസ്റ്റ് 21ന് പ്രസിദ്ധീകരിക്കും. ലിസ്റ്റിന്മേൽ ആക്ഷേപമുള്ളവർ ഓഗസ്റ്റ് 27ന് മുമ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടി/മുനിസിപ്പൽ സെക്രട്ടറിക്ക് ആദ്യ അപ്പീൽ നൽകണം. ആദ്യ അപ്പീലിലെ തീരുമാനത്തിൽ ആക്ഷേപമുള്ളവർ സെപ്റ്റംബർ 19നു മുമ്പായി ജില്ലാ കളക്ടർക്ക് ര ാം അപ്പീൽ നൽകണം. സെപ്റ്റംബർ 26 ന് മുമ്പായി ഗുണഭോക്താക്കളുടെ പട്ടികയ്ക്ക് ഗ്രാമസഭ/വാർഡ് സഭയുടെ അംഗീകാരം നേടണം. സെപ്റ്റംബർ 30 ന് മുമ്പായി ലിസ്റ്റിന് ഭരണസമിതികൾ അംഗീകാരം നൽകി നിർവഹണം ആരംഭിക്കും.

(പിഎൻപി 3198/20)

# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 31 | |
|---|---|
| July 31 | 2020 |

**1195 കർക്കടകം 16 വെള്ളി**

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

### പത്തനംതിട്ട ജില്ലയിലെ പുതിയ കെ യ്ൻമെന്റ് സോണുകൾ

മെഴുവേലി ഗ്രാമപഞ്ചായത്തിലെ വാർഡ് 4, കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിലെ വാർഡ് 13, പ്രമാടം ഗ്രാമപഞ്ചായത്തിലെ വാർഡ് 19 എന്നിവടങ്ങളിൽ ജൂലൈ 31 മുതൽ 7 ദിവസത്തേക്ക് കെ യ്ൻമെന്റ് സോൺ നിയന്ത്രണം.

രോഗം സ്ഥിരീകരിച്ചവരുടെ പ്രാഥമിക സമ്പർക്കപട്ടിക ഉയരുന്നതു കണക്കിലെടുത്ത് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറിന്റെ (ആരോഗ്യം) ശുപാർശ പ്രകാരമാണ് പുതിയ കെ യ്ൻമെന്റ് സോണുകൾ ജില്ലാ കളക്ടർ പി.ബി നൂഹ് പ്രഖ്യാപിച്ച് ഉത്തരവായത്.

(പിഎൻപി 3199/20)

### കെ യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി

റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിലെ വാർഡ് 12, 13, 14, തണ്ണിത്തോട് ഗ്രാമപഞ്ചായത്തിലെ വാർഡ് 8 എന്നീ സ്ഥലങ്ങളെ ആഗസ്റ്റ് 1 മുതൽ കെ യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി ജില്ലാ കളക്ടർ പി.ബി നൂഹ് ഉത്തരവ് പുറപ്പെടുവിച്ചു.

നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള കെ യൻമെന്റ് സോൺ നിയന്ത്രണം അവസാനിക്കുന്ന സാഹചര്യത്തിലും കെ യ്ൻമന്റ് സോൺ നിയന്ത്രണം ദീർഘിപ്പിക്കണമെന്നുള്ള പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറിന്റെ (ആരോഗ്യം) ശുപാർശ ലഭ്യമാകാത്ത സാഹചര്യത്തിലുമാണ് ഉത്തരവായത്.

(പിഎൻപി 3200/20)

## കോവിഡ് പ്രതിരോധത്തിന് കരുതലായി 'വിരിപ്പ്

മലങ്കര കത്തോലിക്ക സഭ പത്തനംതിട്ട രൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് കരുത്ത് പകർന്ന് റാന്നി- പെരുനാട് വൈദീക ജില്ലയിലെ എം സി വൈ എം ന്റെ നേതൃത്വത്തിൽ 'വിരിപ്പ്' എന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ വിവിധ സിഎഫ്എൽടിസികളിലേക്കുള്ള ബെഡ്ഷീറ്റുകളും മാസ്ക്കുകളും വീണാ ജോർജ് എം.എൽ.എയ്ക്ക് ഡയറക്ടർ ഫാ.തോമസ് നെടുമാംകുഴിയിൽ, പ്രസിഡന്റ് ആൽബർട്ട് ജോസഫ്, സെക്രട്ടറി റീനാ റെജി, ആനിമേറ്റർ ലിജു എ ജോർജ് എന്നിവർ കൈമാറി. വിരിപ്പ് പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ പോലീസ് സേനയ്ക്കുള്ള മാസ്ക്കുകളും മൈലപ്രാസിഎഫ്എൽടിസി ലേക്കുള്ള ബെഡ്ഷീറ്റ് വിതരണവും നടന്നു.

***ഫോട്ടോ അടിക്കുറിപ്പ്: വീണാജോർജ്:-***

റാന്നി-പെരുനാട് വൈദീക ജില്ലയിലെ എം സി വൈ എം ന്റെ നേതൃത്വത്തിൽ 'വിരിപ്പ്' എന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ വിവിധ സിഎഫ്എൽടിസികളിലേക്കുള്ള ബെഡ്ഷീറ്റുകളും മാസ്ക്കുകളും വീണാ ജോർജ് എം.എൽ.എയ്ക്ക് കൈമാറുന്നു.

(പിഎൻപി 3201/20)






**പത്തനംതിട്ട ജില്ല**
**കോവിഡ്19  കൺട്രോൾ സെൽ ബുള്ളറ്റിൻ**
**തീയതി. 31.07.2020**

..........................................................................................

പത്തനംതിട്ട ജില്ലയിൽ ഇന്ന് (31) 130 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചു.

ഇതിൽ 24 പേർ വിദേശ രാജ്യങ്ങളിൽ നിന്ന് വന്നവരും, 29 പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നവരും, 77 പേർ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതിൽ കുമ്പഴ ക്ലസ്റ്ററിലുള്ള 22 പേരും,  അടൂർ ക്ലസ്റ്ററിലുള്ള 22 പേരും, ചങ്ങനാശേരി ക്ലസ്റ്ററിലുള്ള 21 പേരും ഉ ്. എ.ആർ.ക്യാമ്പ് ക്ലസ്റ്ററിലുള്ള ഒരാളും ഉ ്. മൂന്ന് ആരോഗ്യപ്രവർത്തകർക്ക് ഇന്ന് രോഗം സ്ഥിരീകരിച്ചിട്ടു ്. അഞ്ച് പേരുടെ സമ്പർക്ക പശ്ചാത്തലം വ്യക്തമല്ല.

ജില്ലയിൽ ഇതുവരെ ആകെ 1449 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. കോവിഡ്-19 മൂലം ജില്ലയിൽ ഇതുവരെ ര ു പേർ മരണമടഞ്ഞു. ജില്ലയിൽ ഇന്ന് 59 പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം 1019 ആണ്. പത്തനംതിട്ട ജില്ലക്കാരായ 428 പേർ രോഗികളായിട്ടു ്. ഇതിൽ 415 പേർ ജില്ലയിലും, 13 പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ 137 പേരും, കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ 44 പേരും, അടൂർ ജനറൽ ആശുപത്രിയിൽ ആറു പേരും, റാന്നി മേനാംതോട്ടം സിഎഫ്എൽടിസിയിൽ 52 പേരും, പന്തളം അർച്ചന സിഎഫ്എൽടിസിയിൽ 33 പേരും, ഇരവിപേരൂർ സിഎഫ്എൽടിസിയിൽ 21 പേരും, കോഴഞ്ചേരി മുത്തൂറ്റ് നഴ്സിംഗ് കോളജ് സിഎഫ്എൽടിസിയിൽ 136 പേരും ഐസൊലേഷനിൽ ഉ ്.

സ്വകാര്യ ആശുപത്രികളിൽ 14 പേർ ഐസൊലേഷനിൽ ഉ ്. ജില്ലയിൽ ആകെ 443 പേർ വിവിധ ആശുപത്രികളിൽ ഐസോലേഷനിൽ ആണ്. ഇന്ന് പുതിയതായി 135 പേരെ ഐസൊലേഷനിൽ പ്രവേശിപ്പിച്ചു. ജില്ലയിൽ 3387 കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ 1149 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 1588 പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ 84 പേരും, മറ്റ്

സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ 78 പേരും ഇതിൽ ഉൾപ്പെടുന്നു. ആകെ 6124 പേർ നിരീക്ഷണത്തിലാണ്.

ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ
ക്രമനമ്പർ, പരിശോധനയുടെ പേര്, ഇന്നലെ വരെ ശേഖരിച്ചത്, ഇന്ന് ശേഖരിച്ചത്, ആകെ എന്ന ക്രമത്തിൽ:

1 ദൈനംദിന പരിശോധന (ആർടിപിസിആർ ടെസ്റ്റ്) 26435, 353, 26788.
2 ട്രൂനാറ്റ് പരിശോധന 786, 27, 813.
3 സെന്റിനൽ സർവൈലൻസ് 9947, 165, 10112.
4 റാപ്പിഡ് ആന്റിജൻ പരിശോധന 2421, 6, 2427.
5 റാപ്പിഡ് ആന്റിബോഡി പരിശോധന 485, 0, 485.
ആകെ ശേഖരിച്ച സാമ്പിളുകൾ 40074, 551, 40625.
1203 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 66 കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 117 കോളുകളും ലഭിച്ചു.

ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് 1361 കോളുകൾ നടത്തുകയും, 20 പേർക്ക് കൗൺസലിംഗ് നൽകുകയും ചെയ്തു. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ദൈനംദിന അവലോകനയോഗം വൈകുന്നേരം 4.30 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്നു. പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും പ്ലാനിംഗ് മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ കൂടി.

# പത്തനംതിട്ട ജില്ല

## കോവിഡ്-19 കണ്‍ട്രോള്‍ സെല്‍ ബുള്ളറ്റിന്‍

## തീയതി. 31.07.2020

- പ്രോഗ്രാം ആഫീസര്‍മാരുടെയും മാനേജ്മെന്റ് ടീം ലീഡര്‍മാരുടെയും പ്ലാനിംഗ് മീറ്റിംഗ്, ജില്ലാ മെഡിക്കല്‍ ആഫീസറുടെ ചേമ്പറില്‍ കൂടി.
- പത്തനംതിട്ട ജില്ലയില്‍ ഇന്ന് **130** പേര്‍ക്ക് കോവിഡ്-**19** സ്ഥിരീകരിച്ചു.
- ഇതില്‍ **24** പേര്‍ വിദേശ രാജ്യങ്ങളില്‍ നിന്ന് വന്നവരും, **29** പേര്‍ മറ്റ് സംസ്ഥാനങ്ങളില്‍ നിന്നും വന്നവരും, **77** പേര്‍ സമ്പര്‍ക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതില്‍ കുമ്പഴ ക്ലസ്റ്ററിലുള്ള **22** പേരും, അടൂര്‍ ക്ലസ്റ്ററിലുള്ള **22** പേരും, ചങ്ങനാശ്ശേരി ക്ലസ്റ്ററിലുള്ള **21** പേരും ഉ ്. എ.ആര്‍.ക്യാമ്പ് ക്ലസ്റ്ററിലുള്ള ഒരാളും ഉ ്. **3** ആരോഗ്യപ്രവര്‍ത്തകര്‍ക്ക് ഇന്ന് രോഗം സ്ഥിരീകരിച്ചിട്ടു ്. **5** പേരുടെ സമ്പര്‍ക്ക പശ്ചാത്തലം വ്യക്തമല്ല.
- ജില്ലയില്‍ ഇതുവരെ ആകെ **1449** പേര്‍ക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്.
- കോവിഡ്-**19** മൂലം ജില്ലയില്‍ ഇതുവരെ **2** പേര്‍ മരണമടഞ്ഞു.
- ജില്ലയില്‍ ഇന്ന് **59** പേര്‍ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം **1019** ആണ്.
- പത്തനംതിട്ട ജില്ലക്കാരായ **428** പേര്‍ രോഗികളായിട്ടു ്. ഇതില്‍ **415** പേര്‍ ജില്ലയിലും, **13** പേര്‍ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.
- പത്തനംതിട്ട ജനറല്‍ ആശുപത്രിയില്‍ **137** പേരും, കോഴഞ്ചേരി ജില്ലാ ആശുപത്രിയില്‍ **44** പേരും, അടൂര്‍ ജനറല്‍ ആശുപത്രിയില്‍ **6** പേരും, റാന്നി മേനാംതോട്ടം **CFLTC**-യില്‍ **52** പേരും, പന്തളം അര്‍ച്ചന **CFLTC**-യില്‍ **33** പേരും, ഇരവിപേരൂര്‍ **CFLTC**-യില്‍ **21** പേരും, കോഴഞ്ചേരി മുത്തൂറ്റ് നഴ്സിംഗ് കോളേജ് **CFLTC**-യില്‍ **136** പേരും ഐസൊലേഷനില്‍ ഉ ്.
- സ്വകാര്യ ആശുപത്രികളില്‍ **14** പേര്‍ ഐസൊലേഷനില്‍ ഉ ്.
- ജില്ലയില്‍ ആകെ **443** പേര്‍ വിവിധ ആശുപത്രികളില്‍ ഐസോലേഷനില്‍ ആണ്.
- ഇന്ന് പുതിയതായി **135** പേരെ ഐസൊലേഷനില്‍ പ്രവേശിപ്പിച്ചു.
- ജില്ലയില്‍ **3387** കോണ്‍ടാക്ടുകള്‍ നിരീക്ഷണത്തില്‍ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ **1149** പേരും, മറ്റ് സംസ്ഥാനങ്ങളില്‍ നിന്നും തിരിച്ചെത്തിയ **1588** പേരും നിലവില്‍ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ **84** പേരും, മറ്റ് സംസ്ഥാനങ്ങളില്‍ നിന്നും ഇന്ന് എത്തിയ **78** പേരും ഇതില്‍ ഉള്‍പ്പെടുന്നു.
- ആകെ **6124** പേര്‍ നിരീക്ഷണത്തിലാണ്.

- ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ

| ക്രമ നമ്പർ | പരിശോധനയുടെ പേര് | ഇന്നലെ വരെ ശേഖരിച്ചത് | ഇന്ന് ശേഖരിച്ചത് | ആകെ |
|---|---|---|---|---|
| 1 | ദൈനംദിന പരിശോധന (RTPCR Test) | 26435 | 353 | 26788 |
| 2 | ട്രൂനാറ്റ് പരിശോധന | 786 | 27 | 813 |
| 3 | സെന്റിനൽ സർവൈലൻസ് | 9947 | 165 | 10112 |
| 4 | റാപ്പിഡ് ആന്റിജൻ പരിശോധന | 2421 | 6 | 2427 |
| 5 | റാപ്പിഡ് ആന്റിബോഡി പരിശോധന | 485 | 0 | 485 |
| **ആകെ ശേഖരിച്ച സാമ്പിളുകൾ** | | 40074 | 551 | 40625 |

- **1203** സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.
- ജില്ലാ മെഡിക്കൽ ആഫീസറുടെ കൺട്രോൾ റൂമിൽ **66** കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ **117** കോളുകളും ലഭിച്ചു.
- ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് **1361** കോളുകൾ നടത്തുകയും, **20** പേർക്ക് കൗൺസലിംഗ് നൽകുകയും ചെയ്തു.
- ബഹു.ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ദൈനംദിന അവലോകനയോഗം വൈകുന്നേരം **4.30** ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്നു.

**ജില്ലാ കളക്ടർ**
**പത്തനംതിട്ട**